കഥ

റീനി മമ്പലം

# ഔട്ട്സോഴ്സ്ഡ്

**ടൈ**ൽ കമ്പനിയിലെ ഡ്രൈവർ ജോലി കുറെ മാസങ്ങൾക്കുമുൻപ് ദിനേശന് നഷ്ടപ്പെട്ടിരുന്നു. നല്ലമാർക്കുമായി വീട്ടിലെത്തുന്ന അവരുടെ കുട്ടികൾ ടൗണിലെ മെച്ചപ്പെട്ട സ്കൂളിൽ പോകണമെന്നാഗ്രഹിച്ചു. അതിനെക്കുറിച്ച് നിർമ്മല സംസാരിച്ചപ്പോൾ കോളേജ് ബിരുദമില്ലാത്ത ദിനേശന് 'ചിന്തിക്കാം' എന്നൊരു ഭംഗിവാക്ക് പറയാൻപോലുമുള്ള പരിതസ്ഥിതിയായിരുന്നില്ല അപ്പോൾ. പോക്കുവെയിലിൽ പകൽ മുങ്ങിത്താഴുന്ന നേരത്ത് സ്കൂൾ ബസ്സിൽ വന്നിറങ്ങുന്ന കുട്ടികളെ ആശയോടെ നോക്കി രേണുവും രേഷ്മയും പലപ്പോഴും വേലിക്കരുകിൽ നിന്നു.

കുട്ടികളെ നല്ലൊരു സ്കൂളിൽ ചേർക്കണം– സിമന്റുതറയിലെ വിള്ളലുകളിൽ നോക്കി ദിനേശൻ തലചൊറിഞ്ഞാലോചിച്ചു. ജീവിതം തള്ളിയിട്ട വിള്ളലിൽനിന്നും വെളിയിലിറങ്ങാൻ അയാൾ വളരെ പാടുപെടുന്നുണ്ടായിരുന്നു. സൂര്യൻ കിഴക്കുദിച്ച് പടിഞ്ഞാറസ്തമിക്കുന്നതിനിടയിൽ, സത്യങ്ങൾ നിരത്തിയിട്ട് ജീവിതം അയാളെ വിരട്ടി വേദനിപ്പിച്ചു.

പലചരക്കുവാങ്ങാൻ കാശുചോദിച്ചപ്പോൾ കടംപറയാൻ ദിനേശൻ നിർമ്മലയോട് ആവശ്യപ്പെട്ട ഒരു ദിവസമാണ് സൊറപറഞ്ഞിരിക്കാൻ അയൽവീട്ടിലെ അനിത വന്നത്.

"അമേരിക്കയിൽ ആഷേച്ചിക്ക് ഒരു കൂട്ടുകാരിയുണ്ട്. അവർക്ക് കുട്ടികളില്ലാത്രെ. എത്ര ചികിത്സിച്ചിട്ടും ഒരു ഫലവുമില്ല. അവരുടെ ഗർഭപാത്രത്തിന് കാര്യമായിട്ടെന്തോ തകരാറുണ്ടെന്ന്."

അനിത സംസാരിച്ചിരുന്നപ്പോൾ എങ്ങനെ അത്താഴമുണ്ടാക്കും എന്ന ചിന്ത നിർമ്മലയെ അലട്ടുകയായിരുന്നു.

"നിനക്കറിയാമോ, അമേരിക്കേല് ഗർഭപാത്രത്തിന് തകരാറുള്ളോര് ഒരു കുഞ്ഞിനുവേണ്ടി മറ്റു സ്ത്രീകളുടെ ഗർഭപാത്രം വാടകയ്ക്കെടുക്കുമെന്ന്." അവളൊരു ഫലിതം പറയുമ്പോലെ ചിരിച്ചു.

നിർമ്മല ചിരിക്കാൻ ശ്രമിച്ചു. പലപല ചിന്തകളിലേക്ക് ചിരി ഒലിച്ചുപോയി. പിടിച്ചുനിർത്താനാവാതെ ഏതൊക്കെയോ ദിശയിലേക്ക് പാഞ്ഞുപോകുന്ന മനസ്സ്. വാടകയ്ക്കെടുക്കുന്ന ഗർഭപാത്രങ്ങളെക്കുറിച്ച് സംസാരിക്കാൻ നിർമ്മല കിടപ്പുമുറിയിലെത്തിയപ്പോഴേയ്ക്കും ദിനേശൻ ഉറങ്ങിക്കഴിഞ്ഞിരുന്നു. അയാളുടെ ഉറക്കം കെടുത്താൻ അവൾ ആഗ്രഹിച്ചില്ല.



പിറ്റേന്ന് ദിനേശനെന്ന ഡ്രൈവറെ അന്വേഷിച്ച് ഒരാൾ എത്തിയപ്പോൾ ദൈവം വേഷം മാറി വന്നതാവുമെന്ന് നിർമ്മലയ്ക്ക് തോന്നി. അനിതയുടെ ബന്ധത്തിലുള്ളൊരാൾ ഒരുമാസത്തെ അവധിക്ക് നാട്ടിൽ വന്നിരിക്കുന്നു. അവർക്കൊരു ഡ്രൈവറെ വേണമെന്നറിഞ്ഞപ്പോൾ അനിത പറഞ്ഞുവിട്ടതാണ്.

"ഞാനൊരു ഓട്ടോറിക്ഷ വാങ്ങിയാലോ എന്നാലോചിക്കുന്നു. ഒരുവിധം തരക്കേടില്ലാത്ത വരുമാനം ഉണ്ടാക്കാൻ സാധിക്കും. പക്ഷേ, അതിനുള്ള കാശ്?"

ദിനേശൻ ഒരു ചോദ്യചിഹ്നം പോലെ വളഞ്ഞുനിന്നു. ഡ്രൈവറായി കുറച്ചുദിവസങ്ങൾ ജോലിയെടുത്ത് കുറച്ചുകാശ് കൈയിൽ വന്നതിന്റെ ആത്മധൈര്യത്തിലും ഉണർവ്വിലുമായിരുന്നു ദിനേശൻ.

നിർമ്മല അവളുടെ വെളുത്ത കൈത്തണ്ടയിൽ വിരലുകളോടിച്ചു. കൈയിൽ കിടന്ന സ്വർണ്ണവളകൾ വിറ്റ് ദിനേശനെ സഹായിക്കണമെന്ന ആശയം മനസ്സിലിട്ട് ഉരുട്ടിയിരുന്ന ഒരു ദിവസമാണ് അനിത വീണ്ടും വന്നത്.

"ആഷേച്ചിയും കുടുംബവും ഈ വർഷം ഓണത്തിന് ഒരുമാസം നാട്ടിലുണ്ടാവും. ഇന്നു രാവിലെ വിളിച്ചിരുന്നു. ഏട്ടന്റെ വീട്ടിൽ ഒരു കാറുണ്ട്. ദിനേശന് ഒരുമാസത്തേയ്ക്ക് അവരുടെ ഡ്രൈവറാവാൻ ബുദ്ധിമുട്ടുണ്ടോ? ശമ്പളം എന്തുവേണമെന്ന് ദിനേശൻ തീരുമാനിച്ച് അറിയിച്ചാൽ മതി."

നിർമ്മല പലതും കിനാവുകണ്ടു. പട്ടിണിയും പരാധീനതയും ഇല്ലാത്ത ദിവസ്സങ്ങളിലേക്ക് ഒഴുകിയെത്തുന്ന ജീവിതം. യൂ

ണിഫോമിട്ട് സ്കൂൾ ബസ്സിന് കാത്തുനിൽക്കുന്ന കുട്ടികൾ. അവരുടെ ലഞ്ച്ബോക്സിൽ ഇഷ്ടപ്പെട്ട ഭക്ഷണങ്ങൾ, കാതുകളിൽ ചെറിയ സ്വർണ്ണ ജിമിക്കികൾ. പണം കടം പറയേണ്ടതില്ലാത്തൊരു ലോകത്തിൽ അവൾ കിലോകണക്കിന് സ്വപ്നങ്ങൾ വാങ്ങിക്കൂട്ടി.

"നിന്നോടു ഞാൻ പറഞ്ഞിട്ടില്ലേ ആഷേച്ചിയുടെ മലയാളി കൂട്ടുകാരിയെക്കുറിച്ച്. ഉഷ വിവാഹം കഴിച്ചിരിക്കുന്നത് ഒരു അമേരിക്കൻ സായിപ്പിനെയാണ്. അടുത്ത തവണ ചേച്ചിയോടൊപ്പം അവരും ഉണ്ടാവും, സായിപ്പിന് കേരളം വീണ്ടും കാണണമെന്ന്."

ഒരിക്കലും കണ്ടിട്ടില്ലാത്ത ആ ദമ്പതികളെക്കുറിച്ച് ഒരു സാധാരണ കൗതുകം അവളിലുളവായി, പ്രത്യേകിച്ച് 'സായിപ്പ്' എന്ന് കേട്ടപ്പോൾ.

"അയാൾക്ക് ഒരു കുട്ടിയെ ദത്തെടുക്കണമെന്നുണ്ട്. പക്ഷേ, ഉഷ സമ്മതിക്കുന്നില്ല. അവർക്ക് സ്വന്തംരക്തത്തിൽ പിറന്നൊരു കുട്ടി വേണം. അമേരിക്കയിൽ മറ്റു സ്ത്രീകളുടെ ഗർഭപാത്രത്തിൽ സ്വന്തം കുട്ടിയെ വളർത്താൻ വലിയ പ്രതിഫലമാണ് ചോദിക്കുന്നത്."

ഒന്നാമോണത്തിനും തൃക്കാക്കരയപ്പനോടുമൊപ്പം അനിതയുടെ ചേച്ചിയും കുടുംബവും അവധിക്കെത്തി. പിറ്റേദിവസം തന്നെ ദിനേശൻ അവരുടെ ഡ്രൈവറായി ജോലി തുടങ്ങി. അവർ അനിതയുടെ വീട്ടിലെത്തിയ ദിവസം നിർമ്മലയും കുട്ടികളും അവരെ കാണാൻ പോയി. ആഷ കുട്ടികൾക്ക് പല സമ്മാനങ്ങൾ കൊടുത്തപ്പോൾ അവരുടെ കണ്ണുകളിൽ പൂത്തിരി കത്തി. അതുകണ്ട് നിർമ്മലയുടെ മനസ്സിരുണ്ടു. ഇല്ലായ്മ എന്നും അവളെ തളർത്തിയിരുന്നു. വീട്ടിലെത്തിയപ്പോൾ സ്നേഹം കാട്ടി അടുത്തുവന്ന പൂച്ചയെ അവൾ കാലുകൊണ്ട് തട്ടിമാറ്റി. വൈകിട്ട് പ്രേമപൂർവം അടുക്കലേക്ക് നീങ്ങിക്കിടന്ന ദിനേശനോട് ഉറക്കം വരുന്നുവെന്നു ഒഴിവുകഴിവു പറഞ്ഞു.

രേണുവും രേഷ്മയും ആഷ നൽകിയ കളിപ്പാട്ടങ്ങളുമായി കളിച്ചുകൊണ്ടിരിക്കയായിരുന്നു. മുറ്റത്ത് അങ്ങിങ്ങായി കിടന്ന അമേരിക്കൻ ചോക്കളേറ്റുകളുടെ വർണ്ണക്കടലാസുകളെ ചെറിയ ചുവന്ന ഉറുമ്പുകൾ പൊതിഞ്ഞിരുന്നു. നിർമ്മല കുട്ടികൾ കളിക്കുന്നതും നോക്കി അലസമായി അരഭിത്തിയിലിരുന്നപ്പോളാണ് അനിത വന്നത്.

"ഞാനൊരു കാര്യം ചോദിച്ചാൽ ദേഷ്യപ്പെടുമോ?"

അത്ര നിശ്ചയമില്ലാത്തപോലെ അനിത നിർമ്മലയുടെ മുഖത്ത് നോക്കി.

"ആഷേച്ചിയുടെ കൂട്ടുകാരി ഉഷയ്ക്കുവേണ്ടി നീ അവരുടെ കുഞ്ഞിനെ നിന്റെ ഗർഭപാത്രത്തിൽ വളർത്താമോ? അവർ കേരളത്തിലുള്ള ഒരു സ്ത്രീയെയാണ് അന്വേഷിക്കുന്നത്. ഇവിടത്തുകാരാവുമ്പോൾ അന്യോന്യം മനസ്സിലാക്കാനും തമ്മിൽ ഇടപഴകാനും എളുപ്പമുണ്ടല്ലോ. അപ്പോൾ ഞാൻ നിന്നെയാണ് ഓർത്തത്. നിനക്ക് കുട്ടികളോടുള്ള സ്നേഹവും കരുതലും ഞാനെപ്പോഴും ശ്രദ്ധിക്കാറുണ്ട്. അവർ നല്ലൊരു തുക പ്രതിഫലമായി തരും. നിനക്ക് പണത്തിന്റെ ആവശ്യവും ഉണ്ടല്ലോ."

അരുതാത്തതെന്തോ പറഞ്ഞതുപോലെ അവൾ ചുണ്ടുകൾ കടിച്ചമർത്തി.

ഓർക്കാപ്പുറത്തുള്ള ചോദ്യമായിരുന്നതുകൊണ്ട് നിർമ്മല തരിച്ചിരുന്നു.

"സെറഗെറ്റ് മദേർസ് എന്നാണവരെ വിളിക്കുന്നത്."

ഭ്രൂണം സെറഗെറ്റ് മദേർസിന്റെ ഗർഭപാത്രത്തിലെത്തുംവരെയുള്ള ഘട്ടങ്ങൾ അവൾ വിവരിച്ചു കൊടുത്തു, ചേച്ചി പറഞ്ഞുകൊടുത്തതാവണം. ഇവിടെ വൈദ്യശാസ്ത്രം സ്രഷ്ടാവാകുന്നു. രതിയുടെ നിർവൃതിയറിയാതെ ഭ്രൂണം ഒരു സ്ഫടികപാത്രത്തിൽ ജനിക്കുന്നു. ദൈവശാസ്ത്രത്തെ മറികടന്ന് ജാതിനോക്കാതെ, മതം മറന്ന് ഭ്രൂണത്തെ പരസ്ത്രീയുടെ ഗർഭപാത്രത്തിലേക്ക് മാറ്റുന്നു. തുടിക്കുന്ന ജീവൻ പൊക്കിൾക്കൊടി വളർത്തി ഒരന്യസ്ത്രീയുടെ ചോരയും ഊർജ്ജവും തന്നിലേക്ക് വലിച്ച് വളർന്നുവലുതാവുന്നു.

എന്നിട്ടൊടുവിൽ കുട്ടി ജനിക്കുമ്പോൾ, കൊച്ചുന്നാളിൽ നാരായണേട്ടൻ മാടക്കടയിലെ കുപ്പിഭരണിയിൽനിന്ന് നാരങ്ങാമുട്ടായി എടുത്തുകൊടുക്കുന്ന ലാഘവത്തോടെ സ്വന്തം മാതാവിന് കൊടുക്കുന്നു- നിർമ്മലയ്ക്ക് ആ ഐഡിയയുമായി അത്ര യോജിക്കാനായില്ല.

അന്നു രാത്രി ഉറങ്ങാൻ കിടന്നപ്പോൾ വാടകയ്ക്കെടുക്കുന്ന ഗർഭപാത്രങ്ങളും നാരായണേട്ടന്റെ കടയിലെ കുപ്പിഭരണിയിലെ മുട്ടായികളും അവളുടെ മനസ്സിലൂടെ പല വട്ടം കടന്നുപോയി. ഉണർന്നു കിടന്നിട്ടും അവൾ പല സ്വപ്നങ്ങൾ കണ്ടു. നാട്ടുവഴിയിലൂടെ പൊടിപടർത്തി പുതിയൊരു



ഓട്ടോറിക്ഷ വരുന്നു. സുമുഖനായ ഡ്രൈവറുടെ ചിരി ചന്ദ്രക്കലപോലെ നീണ്ടു മെലിഞ്ഞതായിരുന്നു. അയാളുടെ കുട്ടികൾ യൂണിഫോമിട്ട് സ്കൂൾ ബസ്സ് കാത്തുനിൽക്കുമ്പോൾ അവരുടെ സംസാരത്തിൽ ഇംഗ്ലീഷ് വാക്കുകളുടെ വഴുവഴുപ്പ്. പകൽവെളിച്ചത്തിൽ അവളുടെ സ്വപ്നങ്ങൾ ഏറെ വ്യക്തമായിരുന്നു. കണ്ടസ്വപ്നങ്ങളത്രയും അവൾക്ക് ഇഷ്ടമായി.

ദിനേശനെ കാര്യങ്ങൾ പറഞ്ഞുധരിപ്പിച്ച് സമ്മതിപ്പിക്കാൻ അവൾ വളരെ പ്രയാസപ്പെട്ടു.

"നിന്റെ ഗർഭപാത്രം വാടകയ്ക്ക് കൊടുത്തിട്ടുള്ള പണം എനിക്ക് വേണ്ട" ദിനേശൻ തറപ്പിച്ചു പറഞ്ഞു. ഇതിനെ ശരീരത്തിന്റെ കച്ചവട സാദ്ധ്യതകളിൽ ഒന്നായിട്ട് അയാൾ കണ്ടു. ഒടുവിൽ അയാളെ പറഞ്ഞുസമ്മതിപ്പിക്കുമ്പോൾ അകലെയല്ലാത്തൊരു ദിവസത്തിൽ അവരുടെ ജീവിതം തളിർക്കുന്നതുകണ്ടു.

''ഞാൻ ഉഷയെ വിവരം അറിയിച്ചിട്ടുണ്ട്. അവർക്കു സമ്മതമെങ്കിൽ അധികം താമസിയാതെ അവർ എത്തും.'' ആഷ മടങ്ങിപ്പോയി.

നിർമ്മലയുടെ കുടുംബവും വീടിനുചുറ്റുവട്ടവും ആഷയുടെ മൂവിക്യാമറയിൽ പതിഞ്ഞത് സ്നേഹം നിറഞ്ഞ ഓർമ്മകൾക്കു വേണ്ടിയാണെന്നുമാത്രം നിർമ്മല വിചാരിച്ചു. ദിവസ്സങ്ങൾ കഴിഞ്ഞ് അകലെയുള്ള ഭൂഖണ്ഡത്തിൽ, ഉഷയും മാർക്കും നിർമ്മലയുടെ കുടുംബത്തിനെ ടിവി സ്ക്രീനിൽ കണ്ടു. നിർമ്മലയുടെ വീടിന്റെ വരാന്തയിൽ അവരുടെ കുഞ്ഞ് കൈകാലിട്ടടിക്കുന്നത് ഭാവനയിൽകണ്ട് സ്വന്തം വയറ് തടവി ഉഷ ഊറിച്ചിരിച്ചു. ചെമ്പൻമുടിയും പൂച്ചക്കണ്ണുകളുമുള്ള അമേരിക്കൻ ഭർത്താവ് അവളുടെ പൊക്കിൾച്ചുഴിയിൽ ഇക്കിളിയിട്ടു.

ഞാറുനടാൻ ഒരുക്കിയിട്ടിരിക്കുന്നൊരു പുഞ്ചകപ്പാടം അങ്ങ്, വിദൂരതയിൽ...

വീടും പരിസരവും നിർമ്മല ആവോളം വൃത്തിയാക്കിയിട്ടിരുന്നു. അന്നൊരു ഞായറാഴ്ചയായിരുന്നതിനാൽ കുട്ടികൾ വീട്ടിലുണ്ടായിരുന്നു. പ്രത്യേക അവസരങ്ങളിൽ മാത്രം ധരിച്ചിരുന്ന ഉടുപ്പുകൾ അമ്മ അവരെ അണിയിച്ചപ്പോൾ എവിടേയ്ക്കെങ്കിലും യാത്രയുണ്ടാവും എന്നാണവർ വിചാരിച്ചത്.

''രേണു, രേഷ്മേ, വീട് വൃത്തികേടാക്കരുത്, വിരുന്നുകാരുണ്ട്.''

ബാക്കിയാവുന്ന മധുരപലഹാരങ്ങളുടെ സ്വാദ് നാവിന് നേരത്തെ വിട്ടുകൊടുത്ത് അവർ അവരുടെ ഇമാജിനറി സുഹൃത്തുക്കളുമായി കളിയിൽ ഏർപ്പെട്ടു. പ്രത്യേകിച്ചൊരു ജോലിയില്ലാത്തതിനാൽ ദിനേശനും അതിഥികളെ പ്രതീക്ഷിച്ച് വരാന്തയിൽ ഉണ്ടായിരുന്നു. വിശിഷ്ടാതിഥികൾ എത്തുമ്പോൾ കിട്ടുന്ന വറുത്ത മീനിന്റെ മണമില്ലാഞ്ഞിട്ടുതന്നെ അവരുടെ പൂച്ചയിലും ഒരു ഉണർവ്വ് കണ്ടു. ആരും അവളെ ശ്രദ്ധിക്കുന്നില്ലെന്നു കണ്ടപ്പോൾ പൂച്ച കിടപ്പുമുറിയിൽ കളിച്ചുകൊണ്ടിരുന്ന കുട്ടികൾക്ക് കൂട്ടിരുന്നു.

മുറ്റത്ത് മഴവെള്ളം ചെളികലർന്ന് കിടന്നിരുന്നു. വന്നപാടെ ചെരുപ്പഴിച്ച് വരാന്തയിൽ ഇടാൻ ശ്രമിച്ച സായിപ്പിന്റെ വെളുത്തുതുടുത്ത കാലിലേക്ക് നിർമ്മല നോക്കി.

''അനിതേ, ചെരുപ്പഴിക്കേണ്ടന്നു പറയു.'' അയാളുടെ വെളുത്തുചുവന്ന കാലുകൾക്ക് ഉമ്മറത്തിണ്ണയിലെ പൊടിയും ചവിട്ടുമെത്തയിലെ ചകിരിയും താങ്ങാനാവില്ലെന്നു തോന്നി.

കാപ്പിയും പലഹാരവും കഴിക്കുന്നതിനിടയിൽ അവർ അന്യോന്യം അറിയാൻ ആവതും ശ്രമിച്ചു. പോകാനിറങ്ങിയപ്പോൾ ദിനേശന്റെ കൈപിടിച്ചു കുലുക്കി 'പിന്നെക്കാണാം' എന്ന് സായിപ്പ് അവ്യക്തമായ മലയാളത്തിൽ പറഞ്ഞു.

ഉഷയുടെ മനസ്സിൽ പലതും വ്യക്തമായിരുന്നു.

''നിന്റെ ശരീരം മറ്റൊരാൾക്ക് വാടകയ്ക്ക് കൊടുക്കുന്നതുപോലെ.''

അങ്ങനെ ചിന്തിക്കരുതെന്ന് ദിനേശന്റെ ചുണ്ടത്ത് ചൂണ്ടുവിരൽവച്ച് നിർമ്മല വിലക്കി.

''ഇത് നമുക്ക് കിട്ടുന്ന വാടകപ്പണമല്ലേ ദിനേശേട്ടാ. കുട്ടികളോടും ദിനേശേട്ടനോടുമുള്ള എന്റെ സ്നേഹത്തിന്റെ വിലയല്ലേ?'' അവൾ ചിരിച്ച് കാര്യം നിസ്സാരമാക്കി. എല്ലാം തീരുമാനിച്ചുറപ്പിച്ച് കരാറുകളിൽ ഒപ്പിട്ടതിനുശേഷം ഉഷയും മാർക്കും നിർമ്മലയുടെ വീട്ടിലേക്ക് വീണ്ടും വന്നു. ഇത്തവണ ഒരു ചെറിയ പെട്ടിനിറയെ അമേരിക്കൻ സാധനങ്ങൾ. എല്ലാം നേരത്തെ തീരുമാനിച്ചുറപ്പിച്ചിരുന്നതുപോലെ. രേണുവിനും രേഷ്മയ്ക്കും പാകമാകുന്ന പലതരം ഉടുപ്പുകൾ, കളിക്കോപ്പുകൾ, ദിനേശന് ടീ ഷർട്ടുകൾ, നിർമ്മലയ്ക്ക് പെർഫ്യൂം, കനം കുറഞ്ഞ കൊറേൽ ഡിന്നർ പ്ളേറ്റുകൾ. ഇതൊരു തരക്കേടില്ലാത്ത സംഗതിയാണെന്ന് നിർമ്മല ചിന്തിക്കാതിരുന്നില്ല. കുട്ടികൾ പിങ്ക് ഞൊറിയുള്ള അമേരിക്കൻ ഉടുപ്പുകളിട്ട് അവരുടേതായൊരു ലോകത്തിലെ രാജകുമാരികളായി കളി തുടർന്നു.

ദിനേശൻ മാത്രം അസ്വസ്ഥനായിക്കണ്ടു. നിർമ്മലയെ ഒരു കച്ചവട ഉരുപ്പടിയാക്കി മാറ്റിയോ എന്നയാൾ ഭയപ്പെട്ടു.

തുടർന്നുള്ള കുറെ ദിവസങ്ങളിൽ അവർ ആശുപത്രി പലതവണ കയറിയിറങ്ങുകയും ഡോക്ടേഴ്സുമായി പല കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തു. പടിഞ്ഞാറുനിന്നടിച്ച കായൽക്കാറ്റുപോലും ആകാംക്ഷയോടെ അവിടെയെല്ലാം പരതിനടന്നു. അമ്മയ്ക്ക് എന്തോ അസുഖമായതുകൊണ്ടാണ് ആശുപത്രിയിൽ പോവുന്നതെന്ന് രേണു ഭയന്നു. അമ്മയ്ക്ക് അസുഖമൊന്നുമില്ലെന്ന് ദിനേശൻ അവളെ പറഞ്ഞുമനസ്സിലാക്കി.

സ്ഫടികപ്പാത്രത്തിൽ ജീവന്റെ കോശങ്ങൾ പെരുത്തു.

നിർമ്മലയുടെ ഗർഭപാത്രത്തിന്റെ വാടകഅലമാരയ്ക്കുള്ളിലെ ഈർപ്പത്തിൽ തണുത്തിരുന്നപ്പോൾ അവൾ കുറച്ചുദിവസം ആശുപത്രിയിലായിരുന്നു. കുട്ടികളെ സ്കൂളിലേക്ക് അയയ്ക്കാൻ ധൃതിവച്ച് തയ്യാറാക്കുമ്പോൾ ഇതൊന്നും വേണ്ടിയിരുന്നില്ലെന്ന് ദിനേശന് തോന്നി.

നിർമ്മല ആശുപത്രിവിട്ടപ്പോൾ ഉഷയവളെ കെട്ടിപ്പിടിച്ചു.

''എല്ലാം ഇതുവരെ ഭംഗിയായി നടന്നുവല്ലോ, ഞാനിന്ന് അതീവ സന്തോഷവതിയാണ്.''

മാർക്കിനും അവളെ കെട്ടിപ്പിടിച്ച് സന്തോഷം അറിയിക്കണമെന്ന് തോന്നിയെങ്കിലും അത് കേരള സംസ്കാരത്തിന് യോജിക്കില്ലെന്നോർത്ത് നിർമ്മലയ്ക്ക് ഹൃദയം തുറന്ന ചിരിമാത്രം നൽകി.

അന്നുരാത്രി ഉറങ്ങാൻ കിടന്നപ്പോൾ പണ്ട് സയൻസ് ക്ലാസിൽ പഠിച്ച സെൽ ഡിവിഷ്യനുകൾ ഓർത്തെടുക്കാൻ ദിനേശൻ ശ്രമിച്ചു. ദിനേശന് അവളോട് ചേർന്നുകിടക്കാൻ സങ്കോചം തോന്നി. അവളിപ്പോൾ വേറാരുടെയോ ആണെന്നൊരു തോന്നൽ.

പുറത്ത് മഴ തകർത്തുപെയ്യുന്നുണ്ടായിരുന്നു. ഈറൻകാറ്റ് മുറിയിലെത്തി കാമത്തോടെ അവളെ തഴുകി. അവൾക്ക് കുളിരുതോന്നി. അയാൾ ഒന്നിളകികിടന്നപ്പോൾ സ്ഥാനംതെറ്റിയ പുതപ്പ്. അവൾ ദിനേശനെ തന്നോടടുപ്പിച്ച് പ്രേമപൂർവം ചുംബിച്ചു.

''ഇന്ന് നിർത്താതെ മഴപെയ്യുന്നതുകൊണ്ടാവണം വാതത്തിന്റെ ശല്യം.'' പുതപ്പ് വലിച്ചിട്ട് ദിനേശൻ തിരിഞ്ഞുകിടന്നു.

കാറ്റ് വീശിയടിച്ചു. വഴിവിളക്ക് കെട്ടു. വഴിതെറ്റിവന്ന വെള്ളത്തുള്ളികൾ അവളുടെ ദേഹത്ത് ശിരസ്സറ്റ് വീണു.

മാർക്കിനെയും ഉഷയെയും കാണുമ്പോഴൊക്കെ ദിനേശൻ അസ്വസ്ഥനായി. ആരും അയാളെ ശ്രദ്ധിക്കുന്നതേയില്ല. ഇപ്പോൾ എല്ലാവരുടെയും ശ്രദ്ധ നിർമ്മലയിലാണ്.

ചെക്കപ്പ് മുടക്കരുതെന്നും ദിവസവും വിറ്റാമിൻ കഴിക്കണമെന്നും ഉഷ പലവട്ടം നിർമ്മലയോട് പറഞ്ഞു. എല്ലാം ശരിയായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാർക്കും ഉഷയും അമേരിക്കയിലേക്ക് മടങ്ങി.

ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്ന ചില രാത്രികളിൽ അവൾ മാർക്കിനെയും ഉഷയെയും കുറിച്ച് ചിന്തിച്ചു. മാർക്ക് തൊട്ടടുത്ത് കിടക്കുന്നുവെന്നും അയാളുടെ വെളുത്ത, മസിലു നിറഞ്ഞ, ശരീരമാണ് താൻ സ്പർശിക്കുന്നതെന്നും സങ്കല്പിച്ചപ്പോൾ അവൾക്കു നാണം തോന്നി. നാട്ടിൻപുറത്തിന്റെ നിഷ്കളങ്കതയോടെ വിരൽകടിച്ചു. ഇരുട്ടായതിനാൽ അവളുടെ മുഖത്തുപരന്ന ഊറിച്ചിരി ദിനേശന് കാണാനാവില്ലെന്നും അയാൾ ഉറക്കമാണെന്നും അവൾ സമാധാനിച്ചു.

നാട്ടിൻപുറത്താകെ മീനമാസച്ചൂടുപോലെ ന്യൂസ് പരന്നു. നാട്ടുകാർ അവളുടെ ഉദരത്തെ കണ്ണുകൾകൊണ്ട് കുത്തിനോവിച്ചു. അവളുടെ ഉദ്ദേശ്യശുദ്ധിയെ ചുണ്ടുകൾകൊണ്ട് കൊത്തിപ്പറിച്ചു. മെഡിക്കൽ സയൻസിന്റെ യാഥാർത്ഥ്യത്തെ മാറ്റിമറിച്ച് 'സായിപ്പിനോടൊപ്പം ഉറങ്ങിയവൾ' എന്ന് പരിഹസിച്ചു. ഒരുദിവസം അവരുടെ വീടിനുമുന്നിൽ 'വാടകയ്ക്ക്' എന്നൊരു ബോർഡുതന്നെ വയ്ക്കാൻ ഏതോ കുസൃതിച്ചെറുക്കൻ മടിച്ചില്ല. ദിനേശൻ ആകെ തകരുകയായിരുന്നു.

ആഷ അവളുടെ ക്ഷേമം അന്വേഷിച്ച് പലപ്പോഴും വന്നു. അവൾക്കിഷ്ടപ്പെട്ട പച്ചമാങ്ങച്ചമ്മന്തിയുമായി. അല്ലെങ്കിൽ പുളിയിട്ട് വേവിച്ച മീൻകറിയുമായി.

''അമ്മേ നമുക്കൊരു കുഞ്ഞാവ ഉണ്ടാവാൻ പോവാണോ'' അവളുടെ വീർത്ത വയറിൽ രേഷ്മ തടവി. അവളുടെ കണ്ണുകളിലും രേണുവിന്റെ കൈകളിലും സന്ധ്യാവിളക്ക് തെളിഞ്ഞു. അത് അണച്ചുകളയാൻ മനസ്സില്ലാതെ നിർമ്മല അതെയെന്നു മാത്രം മറുപടി നൽകി. കുട്ടി അവളുടെ വയറിൽ ആഞ്ഞുചവിട്ടുന്നുണ്ടായിരുന്നു. നിർമ്മല രേഷ്മയുടെ കൈകൾ തന്റെ വയറിനോട് ചേർത്തുപിടിച്ചു.

''കുഞ്ഞാവയ്ക്ക് നമ്മൾ എന്താ പേരിടുക? രമ്യേന്നുമതി.'' പെൺകുട്ടിയാണെന്ന് നേരത്തെ അറിഞ്ഞിരുന്നതിനാൽ അവൾ പെൺകുട്ടിയുടെ പേരാണ് തെരഞ്ഞെടുത്തത്.

''ഞാനൊരു കാര്യം പറഞ്ഞാൽ എന്റെ മോള് ശ്രദ്ധിച്ചുകേൾക്കുമോ?'' അവൾ രേഷ്മയെ അരികിലേക്ക് ചേർത്തുനിർത്തി.

''ഈ കുഞ്ഞാവയുടെ അച്ഛനും അമ്മേം അങ്ങ് അമേരിക്കയിലാ. അവർ അമ്മയുടെ വയർ കുഞ്ഞാവയ്ക്ക് വളരാൻ വാടകയ്ക്ക് എടുത്തിരിക്കുകയാ.''

അവളുടെ കണ്ണുകളിൽ സംശയത്തിന്റെ നാളങ്ങൾ തെളിഞ്ഞു.

''മോളറിയില്ലേ സുമതി ടീച്ചറിനെ? അവർ അമ്മിണിച്ചിറ്റയുടെ വീട്ടിൽ മുറി വാടകയ്ക്ക് എടുത്ത് താമസിക്കുന്നില്ലേ. സുമതിടീച്ചർ സ്കൂൾ പൂട്ടുമ്പോൾ വീട്ടിലേക്ക് പോവുമ്പോലെ കുഞ്ഞാവ പിറന്നുകഴിയുമ്പോൾ അവളുടെ അച്ഛന്റേം അമ്മേടേം വീട്ടിലേക്ക് പോവും, അങ്ങുദൂരെ, അമേരിക്കയിൽ. അതുവരെ ഇവിടെ അമ്മേടെ വയറിനുള്ളിൽ കഴിയും.''

''വേണ്ട, അവർക്ക് കൊടുക്കേണ്ട. അപ്പോപിന്നെ നമ്മൾ കുഞ്ഞാവെ കാണുന്നതെങ്ങനയാ?'' അവൾ ചിണുങ്ങി.

''എല്ലാ വർഷവും രേണൂനും രേഷ്മയ്ക്കും സ്കൂൾ പൂട്ടുമ്പോൾ കുഞ്ഞാവ നിങ്ങളോടൊപ്പം കളിക്കാൻ ഇങ്ങെത്തില്ലേ?''

ദിനേശനപ്പോൾ മൂടിക്കെട്ടിയ മാനം താഴേയ്ക്കിറങ്ങി വന്നതുപോലെ മുറ്റത്ത് നടക്കുകയായിരുന്നു. നിർമ്മല കുട്ടികൾ കാണാതെ കണ്ണുകൾ തുടച്ചു.

എല്ലാം പെട്ടെന്ന് മാറ്റിമറിച്ചത് ടി.വി. ചാനലുകാരാണ്. ഗർഭം ചുമക്കാൻ കഴിവില്ലാത്തൊരു മറുനാടൻ മലയാളിസ്ത്രീയെ സഹായിക്കാൻ സന്നദ്ധയായ നിർമ്മലയെ ലോകത്തിന് കാണിച്ചുകൊടുക്കുകയെന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. ഇന്റർവ്യൂ സമയത്ത് നിർമ്മലയുടെ മഹാമനസ്കതയെ അവർ വാനോളം പുകഴ്ത്തി. 'വാടകയ്ക്ക്' എന്ന ബോർഡ് വീടിനുമുന്നിൽ വച്ച കുസൃതിച്ചെക്കനും ചാനലുകാരുടെ വാനും ഉപകരണങ്ങളും കാണാൻ വീട്ടുമുറ്റത്തുണ്ടായിരുന്നു. അമേരിക്കൻ ടീ ഷർട്ട് ഇട്ട് അവളോടൊപ്പമിരുന്ന ദിനേശൻ, ഭാര്യയുടെ തീരുമാനത്തിനെ താൻ വളരെയധികം സപ്പോർട്ട് ചെയ്യുന്നുവെന്ന് ടിവിക്കാരോട് തറപ്പിച്ചു പറഞ്ഞു.

പിറ്റേന്ന് പ്രത്യേക ഉന്മേഷത്തോടെയാണ് 'വാടക' കിട്ടിയ പണം കൊണ്ട് വാങ്ങിയ ഓട്ടോറിക്ഷയുമായി ദിനേശൻ സ്റ്റാന്റിലേക്ക് പോയത്. ജീവിതത്തിലേക്ക് തെളിനീരൊഴുകി.



നിർമ്മലയുടെ പ്രസവസമയം അടുത്തപ്പോൾ കർക്കിടമാസത്തിന്റെ ഒടുവിൽ ഉഷയും മാർക്കും അമേരിക്കയിൽ നിന്നെത്തി. നിർമ്മലയെ കണ്ടപ്പോൾ ഉഷ അവളെ കെട്ടിപ്പിടിച്ച് അവളുടെ വയറിൽ തടവി കുട്ടിയെ 'എന്റെ മോളേ, സ്വീറ്റി' എന്നു നിർത്താതെ വിളിച്ചു.

അച്ഛന്റെയും അമ്മയുടെയും സാമീപ്യം കൊണ്ടോ അമ്മയുടെ സ്പർശം കൊണ്ടോ കുട്ടി നിർമ്മലയുടെ വയറിൽ ആഞ്ഞുചവുട്ടുന്നുണ്ടായിരുന്നു. ജീവിതത്തിൽ ഇതുവരെ അനുഭവിച്ചിട്ടില്ലാത്തൊരു മാതൃവികാരം ഹോർമോണുകളുടെ സഹായമില്ലാതെ ഉഷ അറിഞ്ഞു. അവളുടെ സ്നേഹവും വികാരവും ഉള്ളിൽനിന്ന് ഒരു ഉറവയായി പൊട്ടി കണ്ണീരായി ഒഴുകി. മാർക്കിനും നിർമ്മലയുടെ വയറിൽ തൊട്ട് കുട്ടി അനങ്ങുന്നത് അറിയണമെന്ന ആഗ്രഹമുണ്ടായി. അത് ശരിയല്ല എന്ന് അറിയാവുന്നതിനാൽ ഭാര്യയെ കഴുത്തിലൂടെ കൈയിട്ട് ചേർത്തുപിടിച്ചു.

''നിർമ്മലേ, മാർക്ക് നിങ്ങളുടെ വയറിൽ തൊട്ട് മോൾ അനങ്ങുന്നത് ഒന്നറിഞ്ഞോട്ടെ?''

അത് ഏതൊരു അച്ഛന്റെയും ആത്മാർത്ഥത നിറഞ്ഞ ആഗ്രഹമാണെന്നും അവകാശമാണെന്നും നിർമ്മലയ്ക്ക് തോന്നി.

സ്വന്തം കുഞ്ഞിന്റെ ആദ്യത്തെ സ്പർശം. അയാളുടെ പൂച്ചക്കണ്ണുകളിൽ സന്തോഷത്തിന്റെ നാളങ്ങൾ പുളഞ്ഞു. ചിരിയിൽ മാനത്തെ നക്ഷത്രങ്ങളത്രയും തെളിഞ്ഞു.

വീണ്ടും അനേകം സമ്മാനങ്ങൾ നിർമ്മലയുടെ വീട്ടിലെത്തി. ആകാശം ഇരുണ്ടു മൂടിക്കിടന്നിട്ടും ഇടയ്ക്കിടെ വന്നുമറയുന്ന സൂര്യനെപ്പോലെ രേണുവിന്റെയും രേഷ്മയുടെയും മുഖങ്ങൾ തെളിഞ്ഞു.

തിരുവോണത്തിന് ഒരാഴ്ച മുൻപാണ് അവളെ ആശുപത്രിയിൽ എത്തിച്ചത്. തിരപോലെ അവൾക്കു പ്രസവവേദന വന്നു. തീരത്തിന്റെ അനുവാദം നോക്കാതെ, ഒന്നിനുപുറകെ ഒന്നായി, ഒന്നിനേക്കാൾ വലുപ്പമേറിയ മറ്റൊരു തിര. മാർക്കും ഉഷയും ആശുപത്രിയുടെ വെയിറ്റിങ്റൂമിൽ ആകാംക്ഷയോടെയിരുന്നു. വേണ്ടപ്പെട്ടവർ പ്രസവമുറിയിൽ നിൽക്കാൻ പ്രോത്സാഹിപ്പിക്കുന്ന അമേരിക്കൻ സമ്പ്രദായം ഇന്ത്യയിലും ഉണ്ടായിരുന്നെങ്കിൽ എന്നവർ ആശിച്ചു. പൊക്കിൾകൊടി മുറിക്കാൻ കുഞ്ഞിന്റെ അച്ഛനെ അനുവദിക്കുമായിരുന്നുവെന്ന് മാർക്ക് ഓർത്തു. കുഞ്ഞിനെ നിർമ്മല കൈകളിലെടുത്തു. അവൾക്ക് കറുത്ത കണ്ണുകളും കറുത്ത മുടിയും ഉണ്ടായിരുന്നില്ല. കുഞ്ഞിന്റെ ചെമ്പൻ മുടിയിൽ നിർമ്മല ഉമ്മവച്ചു. കുഞ്ഞുവിരലുകൾ പിടിച്ചു നിവർത്തി. കുഞ്ഞ് അവളെ അഗോളഭാഷയിൽ 'അമ്മ' എന്നുവിളിച്ചു. അവളുടെ മാംസളമായ മാതൃത്വം കുഞ്ഞിന്റെ വായറിഞ്ഞു. അവളുടെ സ്നേഹം കുഞ്ഞ് വലിച്ചുകുടിച്ചു. അവരുടേതുമാത്രമായ, അവർക്കുമാത്രമായ ധന്യനിമിഷം. നിർമ്മല കരഞ്ഞു. കുഞ്ഞിന്റെ സ്വന്തം അമ്മ ഉഷയ്ക്ക് ഒരിക്കലും അനുവദിക്കാനാവില്ലാത്ത പരിശുദ്ധനിമിഷം. ജനിതക കോവണി കയറാതെയെത്തിയ മാതൃവികാരങ്ങൾ അവളിൽ വന്നു തുളുമ്പി.

മാർക്കും ഉഷയും മുറിയിലേക്ക് കയറിവന്നു. നിർമ്മല കണ്ണുകൾ തിരുമ്മി വീണ്ടും തുറന്നു. കുഞ്ഞിനെ ഇറുകെപ്പിടിച്ചു.

കുഞ്ഞിന് അമേരിക്കൻ കുഞ്ഞുടുപ്പുകൾ, സോപ്പുകൾ, പൗഡർ, മുറിയിലാകെ അമേരിക്കൻ മണം നിറഞ്ഞുനിന്നു. പരുക്കൻ കോട്ടൺ കുഞ്ഞിനെ നോവിപ്പിക്കുമോയെന്ന് ഭയക്കുമ്പോലെ നിർമ്മലക്കിടാൻ മാർദ്ദവമുള്ള അമേരിക്കൻ നൈറ്റികൾ.

'രമ്യ മോളെ''

കുഞ്ഞിന്റെ മൃദുവായ കൈകളിൽ തടവി രേഷ്മ വിളിച്ചു. അവളുടെ ബേർത്ത് സർട്ടിഫിക്കറ്റിൽ ഉഷയും മാർക്കും തെരഞ്ഞെടുത്ത പേരാണ് എഴുതപ്പെടുന്നതെന്ന് അവളോട് പറഞ്ഞില്ല.

മാർക്കും ഉഷയും കുഞ്ഞിന്റെ ശുശ്രൂഷ പരിപൂർണ്ണമായും ഏറ്റെടുത്തു. ഇതൊക്കെ അവൾ നേരത്തെ പ്രതീക്ഷിച്ചതാണെങ്കിലും ദുഃഖവും നിരാശയും തോന്നി. അവൾ മൗനത്തിലേക്ക് പതിയെ മുങ്ങുകയായിരുന്നു.

''നിർമ്മലേ, നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും ഞങ്ങളെ വിളിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. വിളിക്കുമല്ലോ. കുഞ്ഞിന് രണ്ട് അച്ഛനും അമ്മയും ഉണ്ടെന്ന് വിചാരിച്ചാൽ മതി. എല്ലാത്തിനും വളരെ നന്ദി.'' തിരികെ പോവും മുൻപ് നിർമ്മലയെ കെട്ടിപ്പിടിച്ച് ഉഷ പറഞ്ഞു.

ഉഷയോട് ചോദിച്ചുവാങ്ങിയ കുഞ്ഞുടുപ്പിലെ കുഞ്ഞിന്റെ മണം അവളെ കരയിച്ചു. ഉപയോഗം കഴിഞ്ഞ് ആർക്കും വേണ്ടാതെ വലിച്ചെറിഞ്ഞപ്പോളുടഞ്ഞ പാത്രം പോലെ അവൾ തകർന്നു. ആർക്കും അവളെ വേണ്ട. ഒൻപതിലേറെ മാസങ്ങൾ അവൾ വയറ്റിൽ കൊണ്ടുനടന്ന കുഞ്ഞിനുപോലും.

നാരായണേട്ടന്റെ കടയിൽ കാലിയായ കുപ്പിഭരണികൾ..

സ്നേഹത്തിന്റെ നീര് പിഴിഞ്ഞുകളഞ്ഞിട്ടും കുഞ്ഞിനെ പാലൂട്ടാൻ സമയമായെന്ന് ഇടയ്ക്കിടെ ശരീരം ഓർമ്മിപ്പിച്ചു. അവളുടെ മാർദ്ദവമേറിയ അമേരിക്കൻ ഹൗസ്കോട്ടിൽ മാതൃത്വത്തിന്റെ നനവ് പടർന്നു. പലപ്പോഴും ഒറ്റക്കിരിക്കാൻ അവൾ ഇഷ്ടപ്പെട്ടു. ഏകാന്തമായൊരു ദ്വീപിലെത്തിയപ്പോൾ തുഴയെറിഞ്ഞ് കളഞ്ഞവളായി. വെറുതെയിരിക്കുമ്പോൾ കരയാൻ തോന്നുന്നു. മറ്റ് രണ്ട് പ്രസവത്തിനുശേഷവും ഇല്ലാതിരുന്ന ഒരുതരം മൂകത. ചുറ്റും വലയം സൃഷ്ടിക്കുന്ന മൗനത്തിലേക്ക് മനസ്സ് ആഴ്ന്നുപോവുന്നു.

''നിനക്ക് പോസ്റ്റ്പാർട്ടം ഡിപ്രഷൻ ആയിരിക്കും എന്ന് ആഷേച്ചി പറയുന്നു. നമുക്കൊരു ഡോക്ടറെ കാണാം. പ്രസവത്തിനുശേഷം ഇങ്ങനെ ചിലർക്ക് മൗനം വരുമത്രെ.'' അങ്ങനെയാണ് അനിതയോടൊപ്പം ഡോക്ടറെ കണ്ടതും അവൾക്ക് ഗുളികകൾ കുറിച്ചുകിട്ടിയതും.

രേണുവും രേഷ്മയും ടൗണിലെ സ്കൂൾ ബസ്സിൽ വീട്ടിലെത്തുമ്പോഴേയ്ക്കും വളരെ വൈകുന്നു. അവരുടെ സംസാരത്തിൽ അവൾക്ക് മനസ്സിലാവാത്ത പല ഇംഗ്ലീഷ് വാക്കുകൾ. ദിനേശൻ അയാളുടെ ഓട്ടോറിക്ഷ എന്നും കഴുകിത്തുടച്ചു.

•

ഉഷയുടെ എഴുത്തുകൾ ആദ്യകാലങ്ങളിൽ വന്നിരുന്നു. ചിലപ്പോഴൊക്കെ പോസ്റ്റിൽ ഫോട്ടോകളും ചെറിയ കുറിപ്പുകളും–

ക്രിസ്റ്റീന ഇപ്പോൾ കമിഴ്ന്നുവീഴുന്നു, അവൾക്ക് മാർക്കിന്റെ മുടിയും കണ്ണുകളുമാണ്.

ക്രിസ്റ്റീന ഇപ്പോൾ നീന്തിനടക്കുന്നു...

ക്രിസ്റ്റീന പിടിച്ചു നടക്കാൻ തുടങ്ങി...

പിന്നെ കുറെനാൾ എല്ലാം നിശ്ശബ്ദം.

അവർ മൂന്നാളുടെയും സ്വകാര്യജീവിതത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ മടിച്ച് നിർമ്മലയും ഉഷയ്ക്ക് കത്തുകൾ അയച്ചില്ല– അവൾ അവരുടെ ആരുമല്ലല്ലോ–

നിർമ്മല എന്നും കുഞ്ഞിനെക്കുറിച്ച് ഓർത്തു. ഓർമ്മകൾ പൂക്കുന്ന പകലിന്റെ ഏകാന്തതയിൽ കുഞ്ഞിനെ മനസ്സിൽ അടുക്കിപ്പിടിച്ച് കരഞ്ഞു.

പൊന്നിൻ ചിങ്ങം വീണ്ടും വന്നു, ജീവനുള്ള പല ഓർമ്മകളും പേറി.

രേണുവാണ് അവരുടെ തീരുമാനം നിർമ്മലയെ അറിയിച്ചത് ''ഞങ്ങൾക്ക് ഈ വർഷം ഓണക്കോടി വേണ്ട. ആ കാശിന് നമുക്ക് രമ്യേടെ ബെർത്ത്ഡേയ്ക്ക് അമേരിക്കയിലേക്ക് വിളിക്കാം. രമ്യേടെ വർത്തമാനോം ചിരീം കേക്കാല്ലോ.''

നിർമ്മലയുടെ നെഞ്ചിൽ ആരോ ഭാരമുള്ളതെന്തോ ഇറക്കിവച്ചതുപോലെ. തൊണ്ടയിൽ എന്തോ വന്നു കുടുങ്ങുന്നു.

പിറന്നാൾ ദിവസം അവർ കാലത്തെഴുന്നേറ്റ് ടെലിഫോൺ ബൂത്തിലേക്ക് പോകാൻ തയ്യാറായി. കുട്ടികൾ അല്പം പാകമല്ലാതായിത്തുടങ്ങിയ അമേരിക്കൻ ഉടുപ്പുകൾ ധരിച്ചിരുന്നു.

അൽപ്പം നെഞ്ചിടിപ്പോടെ നിർമ്മല നമ്പർ ഡയൽ ചെയ്തു.

അതിഥികളുടെ സൗകര്യം പ്രമാണിച്ച് ഒരുദിവസം നേരത്തെ, ശനിയാഴ്ച വൈകിട്ട് ക്രിസ്റ്റീനയുടെ ബെർത്ത്ഡേ പാർട്ടി തകൃതിയായി നടക്കുകയായിരുന്നു. അപ്പോഴാണ് ടെലഫോണടിച്ചത്.

''മാർക്ക്, ഇപ്പോൾ ടെലിഫോൺ എടുക്കേണ്ട. നാട്ടീന്ന് അച്ഛനും അമ്മയും പിന്നെ വേണ്ടപ്പെട്ടവരെല്ലാം വിളിച്ചുകഴിഞ്ഞു. കോൾ വോയിസ് മെയിലിലേക്ക് പോകട്ടെ. മാർക്ക്, ഹണീ, ഒന്നു വേഗം വരൂ. ഇവിടെ എല്ലാവരും കേക്ക് മുറിക്കാൻ വെയ്റ്റ് ചെയ്യുന്നൂ'' ടെലഫോൺ എടുക്കാൻ തുനിഞ്ഞ മാർക്കിനോട് ഉഷ ഉറക്കെ പറഞ്ഞു.

''ഹാപ്പി ബേർത്ത്ഡേ റ്റു യു, ഹാപ്പി ബേർത്ത്ഡേ റ്റു യു ക്രിസ്റ്റീന.'' അതിഥികൾ പാടി. പാട്ടിന്റെ വീചികൾ വായുവിലലിയാതെ, മേഘങ്ങളറിയാതെ നിർമ്മലയുടെ കൊച്ചുഗ്രാമത്തിലും എത്തിയിരിക്കണം.

നിർമ്മല റിസീവർ തിരികെവച്ച് കുട്ടികളെ നോക്കി. നനവുള്ള സാരിത്തലപ്പുയർത്തി അവൾ കുട്ടികളുടെ കണ്ണുകളും തുടച്ചു. ■